# ഇടശ്ശേരിയുടെ പൂതപ്പാട്ട്

ഡോ: എസ്.പി. രമേശ്

മനസ്സിൽനിന്ന് മനസ്സിലേക്കുള്ള അകലം കുറയ്ക്കുന്നതിലൂടെ സ്വാതന്ത്ര്യം നൽകുക എന്നതാണ് എല്ലാ കലാസൃഷ്ടികളുടേയും ഉദാത്തമായ ലക്ഷ്യം. സാധാരണ ജീവിതത്തിലെ മൺതരികൾ, കലാകാരന്റെ സുസജ്ജമായ ഹൃദയാകാശത്തിലെ നക്ഷത്രങ്ങളായിത്തീരുന്നു. അനുവാചക ഹൃദയത്തിന്റെ ഇരുളിൽ ഒരിത്തിരി വെളിച്ചം പകരുന്ന ഈ നക്ഷത്രരശ്മി, ആർക്കും അവകാശപ്പെടാനാവാതെ, കാലത്തിന്റെ കലവറയിൽ ഒരിക്കലും മരിക്കാതെ കിടക്കുന്നു. സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ ഏതോ ഒരു ഉത്തേജിത നിമിഷത്തിൽ, സൃഷ്ടിയിലൂടെ, ഒരു കലാകാരന് ഒരു തരം cosmic consciousness (സ്വയം നഷ്ടപ്പെട്ട് പ്രപഞ്ചഭാഗം എന്ന ബോധമുദിക്കൽ) അനുഭവപ്പെട്ടെന്നു വരാം. അനുവാചകനെ സംബന്ധിച്ചിടത്തോളം അവ്യക്തമായ അനുഭൂതിക്കുമപ്പുറം തനിക്കു പ്രിയങ്കരമായ രീതിയിൽ ഈ സൃഷ്ടിയെ താലോലിക്കുവാനുള്ള സ്വാതന്ത്ര്യം കൂടി നൽകുന്ന കലാസൃഷ്ടികൾ കൂടുതൽ സുന്ദരമായി അനുഭവപ്പെടുന്നു. അയാളുടെ മനസ്സിലെ ഏതൊക്കെയോ ശ്രുതിസ്ഥായികളിലെ ഉറങ്ങുന്ന സ്വരങ്ങളെ ഉണർത്തി, അവയ്ക്ക് ജീവനും ചലനവും നൽകുകയാണ് ഉത്തമ കലാസൃഷ്ടികളുടെ ധർമ്മം. ഇത് അല്ലെങ്കിൽ ഇന്നത് എന്ന ഒരുതരം വ്യക്തത കലാസൃഷ്ടിയുടെ സ്വഭാവമല്ല, പത്രഭാഷയുടേതാണ്. ഓരോ വായനക്കാരന്റേയും മാനസികാവസ്ഥയും സജ്ജതയും ഭാവനാലോകത്തിന്റെ വ്യാപ്തിയുമനുസരിച്ച് കലാസൃഷ്ടി അയാളിലുളവാക്കുന്ന ആഘാതവും വ്യത്യസ്തമായിരിക്കുമല്ലോ. ആ നിലയ്ക്കുനോക്കുമ്പോൾ, മാനുഷികമായ ഒരുതരം അവ്യക്തത എല്ലാ ഉത്തമകലാസൃഷ്ടികളുടേയും ഒഴിച്ചുകൂടാനാവാത്ത സ്വഭാവമാണെന്നു സമ്മതിക്കേണ്ടിവരും.

കവിതയിലൂടെ കഥപറയുക എന്ന രീതി പഴഞ്ചനായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഇടശ്ശേരിയുടെ പൂതപ്പാട്ടിനെക്കുറിച്ച് ഒരു അന്വേഷണം നടത്തുകയാണ് എന്റെ ഉദ്ദേശ്യം. ഇതിഹാസങ്ങളെല്ലാം കവിതയിലൂടെയുള്ള കഥാകഥനമാണല്ലോ. ഗദ്യമുപേക്ഷിച്ച് പദ്യത്തിലൂടെ കഥ പറയുവാനുള്ള തീരുമാനം അനുവാചകന്റെ സ്വാതന്ത്ര്യത്തിനോടുള്ള ആദരവാണെന്ന് എനിക്കു തോന്നുന്നു. (കവിത്രയങ്ങൾക്കു ശേഷം, ചങ്ങമ്പുഴയല്ലാതെ അധികം പേർ ഈ പദ്ധതി വിജകരമായി പ്രയോഗിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ജി. യുടെ 'ചന്ദനക്കട്ടി'ലും 'പെരുന്തച്ച'നും മറന്നുകൊണ്ടല്ല പറയുന്നത്.) അനുവാചകന് അനുവദിച്ചുകൊടുക്കുന്ന ഈ സ്വാതന്ത്ര്യം ചിലപ്പോൾ, കലാകാരന് ഒരു ബാദ്ധ്യതയാവുന്നു. പറയാൻ തോന്നുന്നത് പലതും പറയാതിരിക്കേണ്ടി വരുമ്പോൾ, മുൻതൂക്കത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ഔചിത്യം ദീക്ഷിക്കുവാൻ കവി ബാദ്ധ്യസ്ഥനാവുന്നതിലൂടെ ദൃശ്യങ്ങളും പദങ്ങളും തെരഞ്ഞെടുക്കുന്നതിൽ കവിയ്ക്ക് അസാമാന്യമായ നിഷ്ക്കർഷയും പാലിക്കേണ്ടി വരുന്നു. പറഞ്ഞതെന്ത് എന്നുമാത്രമല്ല, പറയാതിരുന്നതെന്ത് എന്നും ആലോചിക്കുവാൻ നാം നിർബ്ബന്ധിതരാവുന്നു എന്നതാണ് വാസ്തവം.

'പൂതപ്പാട്ട്' ആദ്യമായും അവസാനമായും ഒരു പാട്ടാണ് – ആവർത്തനത്തിലൂടെ വിസ്താരത്തിലൂടെ പൂർണ്ണമാവുന്ന ഒരു രാഗം പോലെ. അതുകൊണ്ടു തന്നെ, സംഗീതപദ്ധതിയുടെ അളവുകോലുവച്ച് ഈ കവിതയെ പരിശോധിക്കുന്നത് അസംഗതമല്ലാതെ വരുന്നു. (ആ നിലയ്ക്കുള്ള ഒരു സമീപനം ഈ ലേഖനത്തിന്റെ പരിധിക്ക് അതീതമായതുകൊണ്ട് ഇപ്പോഴതിനു ശ്രമിക്കുന്നില്ല.) ഒരു രാഗം ആലപിക്കുമ്പോൾ, ആ രാഗത്തിലെ ജീവൽസ്വരങ്ങളെ – pivtal notes – ആധാരമാക്കി ഓരോ സ്വരത്തെയും പ്രകാശിപ്പിക്കുകയാണ് സംഗീതപദ്ധതിയുടെ ശൈലി. ഗായകന്റെ ചാതുരി അനുസരിച്ച്, ഓരോ സ്വരത്തെയും തിളക്കി, ശ്രോതാവിന്റെ ഹൃദയത്തിൽ അവതരിപ്പിച്ച് രാഗത്തിന്റെ ശരിയായ ഭാവം പകർന്നു കൊടുക്കുന്നതാണ് സംഗീതം. ചാതുരി, ആത്മാർത്ഥത ഇവയുടെ സാന്നിദ്ധ്യം അല്ലെങ്കിൽ അസാന്നിദ്ധ്യം അനുസരിച്ച് സ്വരങ്ങൾ മുത്തുകളോ മണൽത്തരികളോ ആയി ഭവിക്കുന്നു. ആരോഹണ – അവരോഹണ ആവർത്തനങ്ങളിലൂടെ രാഗത്തിന്റെ രസം മുഴുവൻ പകർന്ന്, ഒരു മൂർഛയിൽ സ്വയം നഷ്ടപ്പെട്ട് രാഗം വീണ്ടും ജനിക്കുന്നു. പ്രയോഗത്തിൽ ഒരു 'മ'ദ്ധ്യമത്തിനുപകരം മറ്റൊരു 'മ'ദ്ധ്യമം ഒരു 'ഗാ'ന്ധാരത്തിനു പകരം മറ്റൊരു 'ഗാ'ന്ധാരം, ഒരു 'നി'ഷാദത്തിനു പകരം മറ്റൊരു 'നി'ഷാദം എന്ന കൈപ്പിഴകൾ വന്നുപോവുമ്പോൾ രാഗശരീരത്തിനും മുറിവേറ്റ് വികൃതമാവുന്നു. ഈ പദ്ധതിക്കു സമാന്തരമായി ഒഴുകുന്നതാണ് കവിതയിലെ പദപ്രയോഗം. ഖര – അതിഖരങ്ങൾ, മൃദു–ഘോഷങ്ങൾ, അനുനാസികങ്ങൾ എന്ന വിവിധ ശബ്ദപ്രയോഗത്തെ, ഭാവാനുസൃതമായി സ്വഛന്ദമായ ഒരൊഴുക്കിലൂടെ, തിളക്കം മങ്ങാത്ത ഒരു സ്വരഹാരമാക്കിത്തീർത്തതിന്റെ ഉദാഹരമാണ് 'പൂതപ്പാട്ട്'. ഔചിത്യവും മനുഷ്യത്വവും പരമകാഷ്ഠയിൽ വിരാജിക്കുന്ന ഇത്തരം സന്ദർഭങ്ങൾ മലയാളകവിതയിൽ ധാരാളമല്ല.

സന്ധ്യാനാമവും കഴിഞ്ഞ്, ഊണു തയ്യാറാവുന്നതുവരെ ഉറങ്ങാതിരിക്കാൻ ഉണ്ണികൾക്കു

പറഞ്ഞു കൊടുക്കുന്ന ഒരു കഥയുടെ രൂപത്തിലാണല്ലോ 'പൂതപ്പാട്ട്' പാടിയിരിക്കുന്നത്. അധികഭാഗവും കുട്ടികൾക്ക് അർത്ഥമാവുന്ന തരത്തിലാണ് കഥ പറയുന്നതെങ്കിലും ഒഴിവാക്കാൻ പറ്റാത്തിടത്ത് ചിലപ്പോൾ കുട്ടികൾക്ക് മനസ്സിലാവുന്നതിലധികവും പറഞ്ഞിട്ടുണ്ട്. വർഷംതോറും മകരക്കൊയ്ത്തു കഴിയുമ്പോൾ ഗ്രാമീണരെ സന്ദർശിക്കുന്ന പൂതത്തിന്റെ കഥയിൽ രണ്ടു കാലങ്ങളുണ്ട് - കഥ പറയുന്ന കാലവും കഥ നടന്ന കാലവും. കഥ പറയുന്ന കാലം ഗദ്യത്തിലും കഥ പദ്യത്തിലും വരുമ്പോൾ കഥയ്ക്കിടയിൽ ഉണ്ണികൾക്ക്, കേട്ടു കഴിഞ്ഞ കഥാഭാഗം ഒന്നുകൂടി മനസ്സിൽ ഉറപ്പിക്കുവാനുള്ള സാവകാശം കൂടിക്കിട്ടുന്നു എന്നതും കണക്കിലെടുക്കാതെ വയ്യ. തന്നെയുമല്ല, പദ്യത്തിലൂടെ പൂതത്തിന്റെ മിത്ത് വിരിഞ്ഞു വരുന്നതിനിടയ്ക്ക് കഥപറയുന്ന കാലത്തിലേക്ക് വരുവാൻ ഗദ്യം സഹായിക്കുന്നുമുണ്ട്. പൂതത്തിന്റെ നിലവിലുള്ള ഒരു കഥയാണ് ഇടശ്ശേരി പറയുന്നതെന്ന് തോന്നുന്നില്ല. (ആഭരണം പണിയാൻ, ഭഗവതി, പൂതത്തിന്റെ കയ്യിൽ സ്വർണ്ണം കൊടുത്തുവിട്ടു. പണി തീർത്ത്, ആഭരണം കൊണ്ടുവന്നപ്പോൾ സ്വർണ്ണത്തിനു പകരം ചെമ്പാണ് തട്ടാൻ ഉപയോഗിച്ചതെന്നറിഞ്ഞ ദേവി - അക്കാലത്തും തട്ടാൻ തൊട്ടാൽ പത്തിലെട്ടുതന്നെ! - പൂതത്തിനെ ശകാരിച്ചു. കൊണ്ടുപോയ സ്വർണ്ണം മടക്കിക്കൊണ്ടുവരാൻ പൂതത്തിനോട് ആജ്ഞാപിച്ചു. തട്ടാന്റെ വീട് മറന്നുപോയ പൂതം, സ്വർണ്ണം തട്ടിയെടുത്ത തട്ടാന്റെ വീടന്വേഷിച്ച് ഗ്രാമത്തിലെ വീടുകൾ മുഴുവൻ കയറിയിറങ്ങുന്നതാണ് പൂതൻ കളിയുടെ കഥ, എന്നു ചിലർ.)

കവിത തുടങ്ങുന്നത് പൂതത്തിന്റെ അവതരണത്തോടെയാണ്. വർണ്ണശബളമായ വേഷ ഭൂഷാദികളോടും വാദ്യഘോഷത്തോടും കൂടിയാണ് പൂതം വരുന്നത്. കുട്ടികൾക്കു ഭയം തോന്നുന്ന യാതൊന്നും പൂതത്തിന്റെ രൂപവിവരണത്തിലില്ല.

"കേട്ടിട്ടില്ലേ തുടികൊട്ടും കലർ-
ന്നോട്ടുചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ, വരവമ്പിളിപ്പൂങ്കല
മെയ്യിലണിഞ്ഞ കരിമ്പൂതം."

എന്നു തുടങ്ങി

"അയ്യയ്യാ വരവഞ്ചിത നൃത്തം ചെയ്യും നല്ല മണിപ്പൂതം", എന്നാണ് വിവരണം അവസാനി ക്കുന്നത്. ഇതിലെ "അയ്യയ്യാ" എന്ന പ്രയോഗം അഴകിനെ ദ്യോതിപ്പിക്കുന്നു. തന്നെയുമല്ല, കവിതയിലുടനീളം കവി, പൂതത്തിനോട് പക്ഷപാതപരമായ ഒരടുപ്പം (indulgence) കാണിച്ചിട്ടുണ്ടെന്നുപോലും തോന്നുന്നു. "...കഥ പറയലിൽ മിടുക്കത്തിയായ ചെറിയേടത്തി, ഉറങ്ങാൻ കിടക്കുമ്പോൾ തുറന്നിട്ട വടക്കേ ചാരോടിയിൽക്കൂടി ദൂരത്ത് ഒഴിഞ്ഞ കുന്നിൻ ചരുവിൽ പ്രത്യക്ഷപ്പെടുന്നതും പൊട്ടിച്ചൂട്ടെന്നപേരിൽ അറിയപ്പെടുന്നതും അത്ഭുതകരവുമായ വെളിച്ചങ്ങൾ കാട്ടിത്തന്ന് ആ പ്രകാശപുഞ്ജങ്ങളുടെ നായികയായ പൊട്ടിപ്പിശാചിനെക്കുറിച്ചു പറഞ്ഞുതന്ന ആഖ്യാനങ്ങൾ, ഇത്തരം ദേവതകളുടെ അസ്തിത്വം ഒരിളം മനസ്സിനു ബോദ്ധ്യപ്പെടുത്തുമാറ് ഗ്രീഷ്മാരംഭത്തോടുകൂടി എല്ലാ വീടുകളിലും തുടികൊട്ടും കുഴൽവിളിയുമായി കയറിവരുന്ന വിവിധവേഷക്കാരായ പൂതങ്ങൾ, നേരുപറയട്ടെ, ഇവരോടെല്ലാം ഇന്നും എന്റെ മനസ്സിനുള്ള മമതയും വേഴ്ചയും മറ്റാരോടുമില്ല" എന്ന് ഇടശ്ശേരി തന്നെ പറയുമ്പോൾ അദ്ദേഹത്തിന്റെ കവിതയിൽ പൂതത്തിനോടു കാണിച്ച അടുപ്പം എളുപ്പം മനസ്സിലാവുന്നു. 'ഒറ്റയ്ക്കു മേയുന്ന പയ്യിൻമുലകളെത്തെറ്റെന്നു കുടിക്കുകയും' 'മണമേറുമന്തിയിൽ ബന്ധുഗൃഹം പൂകാൻ (പാലപ്പൂമണം, കാമനീസംഗമത്തിനു വേണ്ടിയുള്ള ധൃതി) ഉഴറിക്കുതിക്കുമാൾക്കാരെ അകലേക്കകലേക്കു വഴി തെറ്റിക്കുകയുമാണ്' പൂതം ചെയ്യുന്നത്. ഒരു കുസൃതി എന്നതിലുപരി ഒരു ക്രൂരകൃത്യമൊന്നുമല്ലല്ലോ ഇത്. തന്നെയുമല്ല, വഴിതെറ്റിച്ചാൽ ഒന്നു മുറുക്കാനെടുത്തു വഴിവക്കത്തു വെച്ചുകൊടുത്താൽ വഴിയൊക്കെത്തെളിയുകയും ചെയ്യും. പൂതം മുറുക്കിത്തുപ്പുന്നതു കൊണ്ടാണല്ലോ ചെത്തിപ്പൂ ചോക്കണത്! (എന്തൊരു ഭംഗി! ചെത്തിപ്പൂവും ഭഗവതിയും തമ്മിലുള്ള ബന്ധവും ഓർക്കുക.) പെട്ടെന്നാണ് കവി, നമ്മെ, നിശ്ശൂന്യത നടമാടും പാതിരതൻ മച്ചുകളിൽ നിരനിരയായ് മായാദീപം കത്തിക്കുന്ന മായിക ലോകത്തിലേക്കു കൊണ്ടുപോകുന്നത്. ഇതുവരെ ഏതാണ്ട് തിശ്രതാളത്തിൽക്കിടക്കുന്നവരികൾ (ത,ക്കിട്ട, ത,ക്കിട്ട, ത,ക്കിട്ട) പെട്ടെന്ന് ഒരു തരം ഖണ്ഡതാളത്തിലേക്കു മാറുന്നു. (തക, തകിട, തക തകിട) മൂന്നക്ഷരത്തിൽ നിന്ന് അഞ്ചക്ഷരത്തി ലേക്കുള്ള ഈ താളമാറ്റം രൗദ്രഭാവത്തിലേക്കുള്ള മാറ്റത്തിനു യോജിച്ചതാണെന്നു തോന്നുന്നു. പൂതത്തിന് ഇപ്പോൾ പരക്കെ അറിയപ്പെടുന്ന യക്ഷിയുടെ ഭാവമാണ്.

"തലമുടിയും വേറിടുത്തലസമിവൾ പൂപ്പുഞ്ചിരി
വിലസീടവേ വഴിവക്കിൽച്ചെന്നു നില്ക്കും."

'അലസം' എന്ന പ്രയോഗത്തിന്റെ ഭംഗിയും ഔചിത്യവും ശ്രദ്ധിക്കാതെ വയ്യ.

"നേരവും നിലയും വിട്ടാവഴി പോം ചെറുവാല്യ-
ക്കാരെയിവളാകർഷിച്ചതിചതുരം."

നേരവും നിലയും വിട്ടു നടക്കുന്ന വാല്യക്കാരെ (ബാല്യക്കാരെ)യാണ് പൂതം കരിമ്പനയിൽ

ക്കേറ്റി (അത് മായാജാലം കൊണ്ട്, ഏഴുനിലമാളികയായാണ് ബാല്യക്കാർക്കു തോന്നുന്നത്.) വകവരുത്തുന്നത്; അല്ലാതെ നേർവഴിക്കു പോകുന്നവരെയല്ല എന്നും ശ്രദ്ധിക്കുക. ഈ ക്രൂരകൃത്യം അസത്തു പൂതത്തിന്റെ പണ്ടത്തെ ചെയ്തികളിൽപ്പെടുന്നു. ഇപ്പോൾ അതാരേയും കൊല്ലില്ല. പൂതത്തിനിപ്പോൾ എപ്പോഴും വ്യസനമാണ്. ബാല്യക്കാരെ വകവരുത്തുന്ന യക്ഷിയുടെ ചിത്രീകരണം കഴിഞ്ഞ് ഗദ്യത്തിലുള്ള ഈ വിശദീകരണം കുട്ടികൾക്ക് ആശ്വാസം പകരുന്നു. അവർക്ക് കഥ തുടർന്നു കേൾക്കാൻ കൂടുതൽ ഉത്സാഹവും തോന്നുന്നു. പകൽ സമയം മുഴുവൻ, പാറക്കെട്ടിലെ കിളിവാതിലിൽക്കൂടി തുറുകണ്ണും പായിച്ചു പാർക്കുന്ന പൂതത്തിന്റെ അസ്വസ്ഥത എത്ര ചുരുക്കം വാക്കുകളിലാണ് കവി ഒതുക്കി നിർത്തിയിരിക്കുന്നത്. പൂതത്തിന്റെ കർമ്മരംഗം (സമയം) രാത്രിയാകുന്നു. (അമ്പിളിപ്പൂങ്കല മെയ്യിലണിഞ്ഞ കരിമ്പൂതമാണല്ലോ അത്.) രാത്രിയുടെ പക്ഷത്തുനിന്നാണ് പൂതം ഉണ്ണിയെക്കാണുന്നതും. ആറ്റിലൊലിച്ചെത്തും ആമ്പൽപ്പൂവും ആടിക്കുഴഞ്ഞെത്തും അമ്പിളിക്കലയും അങ്ങനെ, യാദൃശ്ചികമല്ല എന്നുവരുന്നു. തന്റെ സ്വഭാവത്തിനു ചേർന്ന (രാത്രി) വിശേഷണങ്ങളോടുകൂടിയ ഉണ്ണിയെക്കണ്ടാണ് പൂതത്തിന്റെ ഉള്ളിൽ ഇക്കിളി തോന്നിയത്.

'പൂതത്തിന്റെ മാറത്തു കോരിത്തരിച്ചു' എന്നു പറയുമ്പോൾ, പ്രസവിക്കാത്ത അമ്മയ്ക്ക് പാൽ ചുരന്നതു പോലെയാണ് തോന്നുന്നത്. തന്റെ ജന്മോദ്ദേശം പെട്ടെന്ന്, ഒരു മുന്നറിയിപ്പുകൂടാതെ വെളിപ്പെടുമ്പോൾ, മറ്റേതൊരമ്മയേയും പോലെ പൂതത്തിനും മാറത്ത് കോരിത്തരിപ്പ് അനുഭവപ്പെടുന്നു. പയ്യിൻ മുലകൾ കുടിക്കുന്ന പൂതം ഉണ്ണിക്കൃഷ്ണന്റെ വികൃതികൾ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. (കുട്ടികൾക്ക് ഉണ്ണികൃഷ്ണന്റെ കുസൃതികൾ പരിചിതമാകുമല്ലോ.) പൂതം ഒരോമനപ്പെൺകിടാവിന്റെ രൂപം പകർന്ന്, പ്രകൃതിയിൽ, പൂമരത്തിന്റെ ചോട്ടിൽ ഉണ്ണിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. പുഷ്പിണിയല്ലാത്ത പൂതത്തിന്, പുഷ്പിണിയായ മരത്തിന്റെ തണൽ വേണ്ടിവരുന്നു എന്നു വരുമ്പോൾ ഈ 'പൂത്തമര'വും വെറുതേ കടന്നുവന്ന ഒരു ബിംബമല്ലെന്ന് സമ്മതിക്കണം. 'പാവം' എന്ന വിശേഷണം, കവി പൂതത്തിന് ഈ കവിതയിൽ, മൂന്നു, തവണ നൽകുന്നുമുണ്ട്. 'പൂതമോ, പാവം!', 'പാവം കണ്ണീർ ചോല ചൊരിഞ്ഞും' 'ആടിപ്പിപ്പൂ പാവത്തെ' എന്നിങ്ങനെ, ബുദ്ധിയും ആലോചനയുമില്ലാതെ, സ്വാഭാവികമായി വന്നുപോവുന്ന പ്രവൃത്തികളാണ് പൂതത്തിന്റേത്. പൊന്നും കുടംപോലുള്ള ഉണ്ണിയെക്കണ്ടപ്പോൾ പൂതത്തിന് അവനെ സ്വന്തമാക്കണമെന്നു തോന്നി. പൂതത്തിന് ശരി തെറ്റു ചിന്തയേ ഇല്ല. (അത് ബുദ്ധിയുടേയും വിവേകത്തിന്റേയും വഴിയാണല്ലോ.) മറ്റൊന്നും ആലോചിക്കാതെ, പൂതം ഒരോമനപ്പെൺകിടാവിന്റെ രൂപം ആർജ്ജിച്ച്, ശിക്ഷണത്തിന്റെ (വിദ്യാഭ്യാസവും ബുദ്ധിപ്രയോഗവും വഴി വാസനകളെ ചിട്ടപ്പെടുത്തൽ) വഴി ഉപേക്ഷിച്ച് 'ഓലയെഴുത്താണികളെ' കാട്ടിലെറിഞ്ഞു കളയാൻ ഉണ്ണിയെ പ്രേരിപ്പിക്കുന്നു. മടിച്ചുനില്ക്കുന്ന ഉണ്ണിയെ, 'വണ്ടോടിൻ വടിവിലെഴും നീലക്കല്ലോലകളിൽ മാന്തളിരിൽ തൂവെള്ളിച്ചെറുമുല്ലപ്പൂമുനയാൽ പൂന്തണലിൽ ചെറുകാറ്റത്ത് ഇവിടെയിരുന്നെഴുതാം' എന്നു പ്രലോഭിപ്പിച്ചാണ് എഴുത്താണിയും ഓലയും കാട്ടിലെറിഞ്ഞു കളയിച്ച് കൈക്കലാക്കുന്നത്. ഒരു ശിശുവിന് ഇതിലും പ്രിയങ്കരമായ പ്രകൃതി സൗന്ദര്യ ദൃശ്യങ്ങൾ വേറെയുണ്ടോ? ബുദ്ധിസാമർത്ഥ്യത്തിന്റെ വഴിവിട്ട്, പ്രകൃതിയുടെ നിഷ്ക്കളങ്കതയിലേക്കുള്ള വഴിയല്ലേ കവി ഇവിടെ ഉദ്ദേശിക്കുന്നത്? കുട്ടിയുടെ സൗന്ദര്യം കൈക്കലാക്കുകയാണ് പൂതം ഇവിടെ സാധിക്കുന്നത്. പൂതം, കുട്ടിയെ പേടിപ്പിക്കാതെ ഉണ്ണിയോടൊത്ത് പൂമാല കോർത്തു രസിക്കുകയാണ് ചെയ്യുന്നത്. പൂതം പേടിപ്പിച്ചോടിക്കാൻ നോക്കുന്നത്, ഉണ്ണിയെത്തേടിയിറങ്ങിയ അമ്മയെയാണ്. പേടിപ്പിക്കൽ ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ പൊന്നും രത്നങ്ങളും കിഴികെട്ടിക്കൊടുത്ത് അമ്മയെ പ്രലോഭിപ്പിക്കാൻ നോക്കി. അവിടെയും തോറ്റപ്പോൾ, തെച്ചിക്കോലു പറിച്ചു മന്ത്രം ജപിച്ച് മറ്റൊരുണ്ണിയെ നിർമ്മിച്ചു കൊടുത്ത് കണ്ണില്ലാതായ അമ്മയെ വഞ്ചിക്കാൻ ശ്രമിച്ചു. ഇവിടെ നൈസർഗ്ഗികമായ വാസനയാണ്, സാമർത്ഥ്യം (cleverness) അല്ല പൂതം പ്രകടിപ്പിക്കുന്നത്. ബുദ്ധിപൂർവ്വമായി ആലോചിച്ചിരുന്നെങ്കിൽ, ആദ്യംതന്നെ, മന്ത്രശക്തികൊണ്ട് 'ഇതാ നിങ്ങളുടെ കുട്ടി' എന്നു പറഞ്ഞ് മറ്റൊരുണ്ണിയെ ശരിയായ ഉണ്ണിയുടെ തനിരൂപത്തിൽ അമ്മയ്ക്കു കൊടുക്കാമായിരുന്ന പൂതം, ആദ്യം പേടിപ്പിച്ചോടിക്കാനാണ് നോക്കുന്നത്. അതുകൊണ്ടുതന്നെ, പൂതത്തിന്റെ അടുത്ത നീക്കത്തെ ആരും സംശയത്തോടെയേ നോക്കിക്കാണൂ. പേടിപ്പെടുത്താൻ പൂതം ഉപയോഗിക്കുന്ന വഴികൾ നോക്കൂ. എല്ലാം പ്രകൃതിയുടേതു തന്നെ. കാറ്റിൻചുഴലി, കാട്ടുതീ, നരി, പുലി ഇവയൊക്കെ സംസ്ക്കരിക്കപ്പെടാത്ത പ്രകൃതിയുടെ ഭീകര രൂപങ്ങളാണ്. (elemental furies കാട്ടുതീ, കാറ്റിൻ ചുഴലി) അല്ലാതെ ആകാശം മുട്ടെ വളർന്ന് ഭീകരമുഖത്ത് ദംഷ്ട്രകളുമായി നില്ക്കുന്ന ഒരു ഭയാനകത സത്വമായി പൂതത്തെ വർണ്ണിക്കുന്നില്ല, എന്നത് ശ്രദ്ധേയമല്ലേ?

പരാജിതയും അപമാനിതയുമായ പൂതം ഉണ്ണിയെ യാത്രയാക്കുന്ന രംഗം അങ്ങേയറ്റം ഹൃദയസ്പർശിയായിരിക്കുന്നു. "യാത്ര തിരിച്ചിടുമുണ്ണിയെ വാരിയെടുത്തു പുണർന്നാ മൂർദ്ധാവിങ്കൽ പലവുരു ചുംബിച്ചത്തുറുകണ്ണാൽ കണ്ണീർച്ചോല ചൊരിഞ്ഞും വീർപ്പാൽ വായടയാതെ കണ്ടും നില്ക്കുന്ന' പൂതത്തെ ആർക്കാണ് മറക്കാൻ കഴിയുക? കുട്ടിക്കു നല്ലതുവരാൻ മൂർദ്ധാവിൽ പലവുരു ചുംബിക്കാൻ പാവം പൂതം മറക്കുന്നില്ല. ഈ ഭാഗത്തിന്റെ വിവരണത്തോടെ കവിതയുടെ

ഭാഷ വീണ്ടും ചടുലമാകുന്നതുകാണാം. (ഏതാണ്ട് തുള്ളലിലേതു പോലെ എന്നെനിക്കു തോന്നിപ്പോകുന്നു.) മകരകൊയ്ത്തു കഴിഞ്ഞിട്ട് കണ്ടമുണങ്ങിപ്പൂട്ടും കാലത്ത് (കതിർമണിയുടെ പൊന്നിൻ കുന്നുകൾ തീർക്കും കാലം) എല്ലാ വർഷവും നാട്ടിൽ വന്നു മടങ്ങണമെന്നാണ് ഉണ്ണിയുടെ അമ്മ പൂതത്തിനോടു പറയുന്നത്. (വരണം എന്നല്ല, വന്നു മടങ്ങണം എന്ന്.) ഒന്നും ആലോചിക്കാതെ അങ്ങനെത്തന്നെ എന്നു പറഞ്ഞ് പൂതം മറയുകയും ചെയ്തു. തിരക്കിനിടയിൽ, ഉണ്ണിയുടെ വീടു ചോദിച്ചു മനസ്സിലാക്കാൻ പൂതം മറന്നുപോയി. അമ്മയോ പൂതത്തിനത് പറഞ്ഞു കൊടുത്തതുമില്ല.

ആറ്റുനോറ്റിട്ടാണ് ആറ്റിൻ വക്കത്തെ മാളികവീട്ടിലെ അമ്മയ്ക്ക് ഉണ്ണി പിറന്നത്. ഉണ്ണിയുടെ അരയിൽ പൊൻകിങ്ങിണി, കാതിൽ കുടക്കടക്കൻ. താഴെവച്ചാൽ ഉറുമ്പരിച്ചാലോ, തലയിൽ വച്ചാൽ പേനരിച്ചാലോ എന്ന നിലയിലാണ് അമ്മ, ഉണ്ണിയെ താലോലിച്ചു വളർത്തുന്നത്. കാക്കേ പൂച്ചേപാടി മാനത്തമ്പിളിമാമനെ കാണിച്ചാണ് അമ്മ ഉണ്ണിക്ക് മാമു  കൊടുക്കുന്നത്. ഈ തങ്കക്കുടത്തിനെ തങ്കക്കട്ടിലിൽ പട്ടുവിരിച്ച്, തണുതണെപൂന്തുട തട്ടിയുറക്കിയിട്ട് അമ്മ ചാഞ്ഞുമയങ്ങുന്നേയുള്ളൂ. നേരാംവണ്ണം കിടന്നുറങ്ങുന്നു പോലുമില്ല. 'ചാഞ്ഞുമയങ്ങുന്നു' എന്ന പ്രയോഗം, അമ്മ, ഉണ്ണിയെത്താലോലിക്കുന്ന ചിത്രത്തിന് എന്തൊരു മിഴിവും പൂർണ്ണതയുമാണ് നല്കുന്നത്. കണ്ണും കാതും ഉറച്ചുകഴിഞ്ഞ ഉണ്ണിയെ അമ്മ പള്ളിക്കൂടത്തിലേക്കയയ്ക്കുന്ന ചിത്രം നോക്കുക. ഇത്രയും ഹൃദയസ്പൃക്കായ രംഗചിത്രീകരണം നമുക്ക് അധികം കാണാൻ കിട്ടില്ല. ഇത്രയും സമ്പന്നമായ ചലച്ചിത്ര ദൃശ്യംതന്നെ ചുരുക്കമായിരിക്കണം. ഇത്തിരിക്കുമ്പമേൽ തിരവച്ചു മുണ്ടുടുപ്പിച്ച്, വള്ളികൾ കൂട്ടി കുടുമയും കെട്ടിച്ച് പൂങ്കവിൾ ഒന്നുകൂടി തുടച്ചിട്ട് മുഖത്തെ എണ്ണമയം കളയാൻ പണ്ടൊക്കെ അമ്മമാർ മുണ്ടിന്റെ കോന്തലകൊണ്ട് കുട്ടികളുടെ മുഖമാകെ ഒന്നു തുടപ്പിക്കുക പതിവുണ്ട്, പൊൻപിടിയുള്ള കൊച്ചെഴുത്താണിയും മയ്യിട്ടു മിനുക്കിയ ഓലയും കൊടുത്താണ് ഉണ്ണിയെ യാത്രയാക്കുന്നത്. തങ്കക്കുടം 'അങ്ങനെയങ്ങനെ' നീങ്ങിപ്പോകുന്നു എന്നാണ് കവി പറയുന്നത്. 'അങ്ങനെയങ്ങനെ' എന്ന പ്രയോഗം താളാത്മകമായ ഒരൊഴുക്കുപോലെ തോന്നുന്നില്ലേ? ഉണ്ണി, ഇടവഴി കയറുമ്പോൾ പടർപന്തൽ പോലുള്ളോരരയാലിൻ ചോടെത്തി മറയുംവരെ പടിപ്പുരയീന്നു നോക്കുന്ന അമ്മയുടെ ചിത്രം ചേതോഹരമായിരിക്കുന്നു. പള്ളിക്കൂടത്തിലേക്കുള്ള യാത്ര എന്നതിലുപരി അനുഷ്ഠാനാത്മകമായ ഒരു യാത്രയപ്പിന്റെ നാടകീയത, വരാനിരിക്കുന്ന അപകടത്തെ ധ്വനിപ്പിക്കുന്നതു പോലെ തോന്നുന്നു. ഉണ്ണി, കുന്നുകയറി മറഞ്ഞു എന്നു സൗകര്യപൂർവ്വം പറയാമായിരുന്നിട്ടും ദൃശ്യത്തിന്റെ അവസാനം, അമ്മ ഉണ്ണിയെ അരയാലിന് ഏല്പിച്ചു കൊടുക്കുന്ന മട്ടിലാണ് കവി എഴുതിയിരിക്കുന്നത്. അരയാൽ, പക്ഷികൾക്കു ചേക്കേറാൻ ഇടം നല്കുന്ന, പഥികർക്കു തണൽ നൽകുന്ന നിസ്വാർത്ഥയായ മറ്റൊരമ്മയാണ്. 'പൂത്തമരം' പോലെ, അരയാലും ഇവിടെ യാദൃച്ഛികമായി വന്നുപോയതല്ല. സൗന്ദര്യംമാത്രം അന്വേഷിച്ചാൽ 'പൂതപ്പാട്ടിൽ' ഇത്രയും സൗന്ദര്യം ഉരുണ്ടുകൂടി നില്ക്കുന്ന മറ്റൊരു ഭാഗം ഉണ്ടോ എന്നു സംശയമാണ്. വീണ്ടും വീണ്ടും വായിക്കുന്തോറും ഈ വരികളുടെ മാധുര്യം കൂടുതൽ കൂടുതൽ അനുഭവപ്പെടുന്നു.

ഒറ്റയിൽനിന്ന് ഒരുമയിലേക്കുള്ള സൂചനകളാണ് ഉണ്ണിയുടെ യാത്രയിലെ ദൃശ്യങ്ങളിലധികവും. (കുന്നിൻമോളിലേക്കുണ്ണി കയറി...) 'കന്നും പൈക്കളും മേയുന്ന കണ്ടു' 'ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽനിന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു' 'ആട്ടിൻ പറ്റം തുള്ളിക്കളിക്കുന്ന കണ്ടു' 'വണ്ടുകൾ എങ്ങും പാറികളിക്കുന്ന കണ്ടു' എന്നിങ്ങനെ ഉണ്ണിയുടെ കണ്ണുകളെ എതിരേൽക്കുന്ന ദൃശ്യങ്ങളുടെ വിവരണത്തിൽ ഒരൊറ്റ ഏകവചന പ്രയോഗം പോലും കാണുന്നില്ല; ഭംഗിയോടെ പൂത്തു നിൽക്കുന്ന ഒരു മരം എന്നോ, വർണ്ണശബളമായ തൂവലുകളുള്ള ഒരു പക്ഷി എന്നോ ഒന്നും കടന്നുവന്നിട്ടില്ല എന്നു നാം മനസ്സിലാക്കണം. ഒരുമിക്കലിന്റെ ഗുണത്തിൽ, വെറും മൊട്ടപ്പാറയിൽ പോലും ആട്ടിൻപറ്റം തുള്ളിക്കളിക്കുന്നുവെന്നാണ് കവി പറയുന്നത്.

എഴുതുവാൻ പോയ കിടാവ് മടങ്ങിവന്നില്ല. അമ്മയുടെ പൂരിത ദുഃഖം കവി വിവരിക്കുന്നതു നോക്കുക. (വെയിൽ മങ്ങീ, മഞ്ഞക്കതിരു പൊങ്ങീ, വിയദങ്കണത്തിലെ കാർകൾ ചെങ്ങീ, എഴുതുവാൻ പോയ കിടാവുവന്നില്ല, എവിടെപ്പോയ് നങ്ങേലി നിന്നു തേങ്ങീ. ആറ്റിൻ കരകളിലങ്ങിങ്ങോളം അവനെ വിളിച്ചു നടന്നാളമ്മ. നീറ്റിൽക്കുളിക്കും പരൽമീനെല്ലാം നീളവേ നിശ്ചലം നിന്നുപോയി, ആളില്ലാപ്പാടത്തിലങ്ങുമിങ്ങും അവനെ വിളിച്ചു നടന്നാളമ്മ; പൂട്ടിമറിച്ചിട്ട മണ്ണടരിൽ പുതിയ നെടുവീർപ്പുയർന്നുപോയി.) എത്ര അനുനാസികാക്ഷരങ്ങളാണ് കവി ഇവിടെ നിഷ്പ്രയാസം അനർഗളമായി ഉതിർത്തിരിക്കുന്നത്! ദുഃഖത്തിന്റെ സ്വരം അനുനാസികമാവുമല്ലോ. സംഗീതത്തിലും ദുഃഖസൂചകം (pathos) ഫലപ്രദമാവാൻ ശബ്ദത്തിന് ഒരു nasal tinge കൊടുക്കാറുണ്ട്. മേല്പറഞ്ഞ വരികളിലെ അനുനാസികാക്ഷരപ്രയോഗവും സന്ദർഭത്തിന് ദുഃഖഭാവം പകർത്താൻ വളരെ സഹായിച്ചിട്ടുണ്ട്. ഇത്രയധികം അനുനാസികാക്ഷരങ്ങൾ കവിതയുടെ ഈ ഭാഗത്തുമാത്രം എങ്ങനെ വന്നുകൂടി? അറിയാതെ വന്നുപെട്ടതാണവ എന്നു വിശ്വസിക്കാൻ ഞാനേതായാലും തയ്യാറല്ല. അമ്മയുടെ വ്യക്തിപരമായ ഈ ദുഃഖത്തിന്റെ വിവരണത്തിനൊടുവിൽ, മനുഷ്യജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത (inevitable) ദുഃഖത്തിന്റെ

സൂചനയുമുണ്ട്. "പൂട്ടി മറിച്ചിട്ട മണ്ണടരിൽ പുതിയ നെടുവീർപ്പുയർന്നുപോയി" എന്നാണ് കവി ആ വിവരണം അവസാനിപ്പിക്കുന്നത്. ഉഴുതുമറിച്ചിട്ടു വിത്തിന്റെ ആഗമനവും കാത്തു കിടക്കുന്ന ഭൂമാതാവ് നെടുവീർപ്പിടുന്നു. ആറ്റുനോറ്റു മുളപ്പിച്ചെടുത്ത, വിത്തിന്റെ മുള നഷ്ടപ്പെട്ട ദുഃഖത്തിൽ കേണലയുന്ന അമ്മയെക്കണ്ടിട്ടാണ് വിത്തും കാത്തുകിടക്കുന്ന മണ്ണും നെടുവീർപ്പിടുന്നത്. ഇനി, വിത്ത് വിതയ്ക്കപ്പെട്ടാലെന്ത്? മുള പൊട്ടിയാലെന്ത്? അവസാനവാക്ക് ദീർഘനിശ്വാസം തന്നെ. (ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാതെന്തിനു ജീവിതപലഹാരം? എന്ന് ഇടശ്ശേരി, 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിതയിൽ.)

കുന്നിൻചരിവിൽ യാഥാർത്ഥ്യത്തിന്റെ കൂർത്തകല്ലു ചവിട്ടി നടന്നാണ് ഉണ്ണിയെ നഷ്ടപ്പെട്ട അമ്മ അന്വേഷണം തുടരുന്നത്. ജീവിത യാത്രയിൽ 'കൂർത്തകല്ല്' ഇടശ്ശേരിയുടെ മറ്റു ചില കവിതകളിലും കാണുന്നുണ്ട്. 'തെരുവിൽ കൂർത്ത ചരൽക്കല്ലുകളിൽ – ജീവിതരക്തം പാറ്റിക്കൊണ്ടവൾ' എന്ന് 'പെങ്ങൾ' എന്ന കവിതയിലും, 'ഇരുളിലിറങ്ങിപ്പോം ബാലികയ്ക്കപ്പോൾ കൺകൾ നിറഞ്ഞൂ പദേ പദേ കാൽവച്ചുകുത്തീ കല്ലിൽ' എന്ന് 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിതയിലും കാണുന്നു. ഉണ്ണിയെത്തേടി അമ്മ അലയുമ്പോൾ, രാത്രി വേട്ടക്കാരായ നത്തുകൾ പുറത്തുവന്ന് എന്തെന്തെന്ന് അന്വേഷിക്കുന്നു. തീവ്രദുഃഖത്തിലമർന്ന്, എങ്കിലും ആശവിടാതെ, അന്വേഷണം നടത്തുന്ന അമ്മയുടെ തേങ്ങലുകൾ കേൾക്കുമ്പോഴും പൂതം പൂവമ്പഴം പോലുള്ളുണ്ണിയുമൊത്ത്, പൂമരച്ചോട്ടിൽ പൂമാല കോർത്തു രസിക്കുകയാണ്. പ്രകൃതിസൗന്ദര്യത്തിലെ സ്വതന്ത്രമായ ഈ നിമിഷത്തിൽ, അമ്മയുടെ തേങ്ങലുകൾ പൂതത്തിന് സ്വൈരക്കേടുണ്ടാക്കിയെന്ന് കവി പറയുന്നു. അതുകൊണ്ടാണ് പൂതം അമ്മയെ പേടിപ്പിച്ചോടിക്കാൻ നോക്കുന്നത്. കടന്നു പിടിച്ചെടുക്കുന്ന, അനർഹമായ ഏതു സുഖത്തിലും ഒരല്പം സ്വൈരക്കേടുകൂടി ഉണ്ടാവുമല്ലോ. പേടിപ്പിച്ചോടിക്കൽ ഫലിക്കാതെ വന്നപ്പോൾ പൂതം കുന്നിന്റ മേൽമൂടിപ്പാറയെ കൈതപ്പൂപോലെ പറിച്ചു നീക്കി ഭൂമിയുടെ ഉള്ളിൽ നിന്ന് പൊന്നും രത്നങ്ങളും എടുത്തുകാട്ടി അമ്മയെ പ്രലോഭിപ്പിക്കാൻ നോക്കി. കണ്ടോ, വീണ്ടും പൂതത്തിന്റെ കലവറ പ്രകൃതി തന്നെ.

ഈ സന്ദർഭത്തിലാണ് അമ്മയുടെ ശക്തി പ്രകടമാവുന്നത്. പുലരിച്ചെന്താമരപോലെ തോന്നുന്ന ചൂഴ്ന്നെടുത്ത തന്റെ കണ്ണുകൾ അമ്മ പൂതത്തിനർപ്പിച്ച് തൊഴുതു പറഞ്ഞു. എന്റെ പൊന്നോമന ഇതിലും വലിയതാണെന്ന്, എനിക്ക് എന്റെ ഉണ്ണിയെ തരിക എന്ന് എത്ര ആത്മവിശ്വാസത്തോടെ, സംയമനത്തോടെയാണ് അമ്മ ഇതുവരെ പെരുമാറുന്നത്. കാറ്റിൻ ചുഴലിയായ് പൂതം വന്നപ്പോൾ, അമ്മ 'കുറ്റി' കണക്കുനിന്നു: കാട്ടുതീയായി പൂതം വന്നപ്പോൾ ഹൃദയവ്യഥയുടെ (അർഹതയുടെ ശക്തിയാണതിനു പിന്നിൽ) കണ്ണുനീരു കൊണ്ട് അമ്മ ആ തീ കെടുത്തിക്കളഞ്ഞു; നരിയായും പുലിയായും പൂതം വന്നപ്പോൾ 'തരികെന്റെ കുഞ്ഞിനെ' എന്നു പറഞ്ഞ് അമ്മ ഒരടികൂടി മുന്നോട്ടടുക്കുകയാണ്. കണ്ണില്ലാത്ത അമ്മയെ വഞ്ചിക്കാനായി, തെച്ചിക്കോലിൽ മന്ത്രം ജപിച്ച് മറ്റൊരുണ്ണിയെ പൂതം നിർമ്മിച്ചുകൊടുത്തു. ഉമ്മ കൊടുത്ത് മൂർദ്ധാവിങ്കൽത്തഴുകിത്തഴുകി (വാരിയെടുത്ത് മൂർദ്ധാവിങ്കൽ പലവുരു ചുംബിക്കുന്ന പൂതത്തിന്റെ വെപ്രാളം അമ്മയ്ക്കില്ല.) പുൽകിയപ്പോൾ അത് മറ്റൊരുണ്ണിയാണെന്ന് അമ്മ – അന്ധയെങ്കിലും – അറിഞ്ഞു. പെറ്റ വയറിനെ വഞ്ചിക്കുന്ന പൊട്ടപ്പൂതത്തിനെ ശപിക്കാൻ താപം കൊണ്ട് വിറച്ച് കൈയോങ്ങി നില്ക്കുന്ന അമ്മയുടെ (പുരം നശിപ്പിക്കാൻ ഒരുങ്ങിനില്ക്കുന്ന കണ്ണകിയുടെ രൂപം?) മുമ്പിൽ, പൂതം ഞെട്ടി വിറച്ച് വീണുപോയി! വഞ്ചന കണ്ടപ്പോഴാണ് ആദ്യമായി, അമ്മയ്ക്ക് കോപം വരുന്നത്. "പെറ്റവയറ്റിനെ പറ്റിക്കുന്നൊരു പൊട്ടപ്പൂതമിതെന്നു കയർത്താൾ" എന്ന് ഇരിട്ടിപ്പൂ ശബ്ദത്തിന്റെ സുഖത്തിനുവേണ്ടി, അല്പം കൂടി ചെറിയൊരു കവി എഴുതിപ്പോയേനെ. പക്ഷേ, ഇടശ്ശേരി 'വഞ്ചിക്കുന്നൊരു' എന്നു തന്നെ എഴുതി. ഗൗരവത്തിന്റെ കാര്യത്തിൽ 'പറ്റിക്കലും' 'വഞ്ചിക്കലും' തമ്മിൽ ഒരുപാടകലമുണ്ടല്ലോ. വേഗം, ഉണ്ണിയെ അമ്മയ്ക്ക് വിട്ടുകൊടുത്തിട്ട് പൂതം ഉണ്ണിയുടെ അമ്മയെ 'അമ്മേ' എന്നു വിളിച്ച് കോപം കൊണ്ട് എന്നെ നീറ്റിടല്ലേ എന്ന് പ്രാർത്ഥിക്കുന്നു. (അമ്മേ നിങ്ങടെ തങ്കക്കുഞ്ഞിനെ.......) ഉണ്ണി, ഉണ്മയിൽ തിങ്കളൊളിപ്പുപ്പൂഞ്ചിരി പെയ്തു കുളിർപ്പിച്ചും കൊണ്ട് അമ്മയോടൊത്തു ചേരുന്ന ഭാഗം ഏതാണ്ട് മംഗളം പാടി അവസാനിപ്പിക്കുന്നതുപോലെയാണ് കവി പാടിയിരിക്കുന്നത്. ഇവിടെ, വീണ്ടും, ആശ്വാസത്തിന്റെ നെടുവീർപ്പിടാൻ ഇടശ്ശേരി കുട്ടികൾക്ക് അവസരം കൊടുക്കുന്നു. ഗദ്യത്തിന്റെ ഉപയോഗത്തിലൂടെ.

യാത്ര തിരിച്ചിടുമുണ്ണിയെ വാരിയെടുത്തു പുണർന്നാമൂർദ്ധാവിങ്കൽ പലവുരു ചുംബിച്ച് അത്തുറുകണ്ണാൽ പാവം കണ്ണീർ ചോലചൊരിഞ്ഞും വീർപ്പാൽ വായടയാതെ കണ്ടു നിൽക്കുന്ന പൂതത്തെ, മാതൃത്വത്തിന്റെ ആദിരൂപത്തെ, കണ്ടാണ്, അപ്പോൾ മാത്രമാണ്, ഉണ്ണിയുടെ അമ്മ 'ആർദ്ര ഹൃദന്തര'യാവുന്നത്. പ്രകൃതി മാതാവിന്, രക്ഷിക്കുന്നതും (protective) നശിപ്പിക്കുന്നതു (destructive) മായ രണ്ടു മുഖങ്ങൾ (രൂപങ്ങൾ) ഉണ്ടല്ലോ. ഈ സന്ദർഭത്തിൽ ഈ രണ്ടു രൂപങ്ങൾക്കും വൈകാരികമായ ഒരു കൂടിച്ചേരൽ (emotional condensation) സംഭവിച്ചു. 'അമ്മ' മാത്രമാകുന്ന പ്രകൃതിയാണ് പൂതം. അതുകൊണ്ടാവണം ഉണ്ണിയുടെ അമ്മ 'ആർദ്ര ഹൃദന്തര'യായത്. ഹൃദയം അലിഞ്ഞെങ്കിലും അമ്മ യാഥാർത്ഥ്യബോധം കൈവിടുന്നില്ല. അമ്മ, പൂതത്തിനോടു പറയുന്നതു കേൾക്കൂ. (മകരക്കൊയ്ത്തു കഴിഞ്ഞിട്ടെങ്ങടെ കണ്ടമുണങ്ങിപ്പൂട്ടും കാലം...) സുഖ

സമൃദ്ധിയിൽ കതിർമണി, കളമതിലൂക്കൻ പൊന്നിൻകുന്നുകൾ തീർക്കും കാലം (feudal grandiosity) ഞങ്ങൾ വിരാജിക്കുമ്പോൾ, ആണ്ടുതോറും, പൊന്നുണ്ണിക്കൊരു കുതുകം പകരാൻ, (കളിപ്പാട്ടം പോലും!) ഞങ്ങടെ വീട്ടിനു മംഗളമേകാൻ, ഞങ്ങൾക്കഞ്ചിത സൗഖ്യമുദിക്കാനായി വന്നു മടങ്ങണമെന്നാണ് അമ്മ പറയുന്നത്. അല്ലാതെ, ഇത്രയുമധികം മോഹിച്ച ഉണ്ണിയെ വന്നു കണ്ട് നീ തൃപ്തിയടഞ്ഞോളൂ എന്നല്ല. പൂതത്തിനു വേണ്ടിയല്ല, ഞങ്ങൾക്കു വേണ്ടിയാണ് നീ വരേണ്ട തെന്നർത്ഥം. പരാജിതനോട്, വിജയിക്ക് നിഷ്പ്രയാസം കാണിക്കാവുന്ന പരിഗണന പോലും അമ്മ ഇവിടെ കാണിക്കുന്നില്ല. പാതാളത്തിലോട്ട് ചവിട്ടിത്താഴ്ത്തപ്പെട്ട മഹാബലിയോട് വാമനൻ (വിഷ്ണു) കാണിച്ച ഔദാര്യം പോലും, അമ്മ, പൂതത്തിനോടു കാണിച്ചില്ലെന്ന് എനിക്കു പരാതിയുണ്ട്. ഉണ്ണി പിറന്ന വീടേതാണെന്നു ചോദിച്ചു തിട്ടപ്പെടുത്താൻ, പൂതം, ധൃതിക്കിടയിൽ വിട്ടുപോയി. (ഇവിടെ, കവി, പൂതത്തിനുവേണ്ടി ആലോചിക്കുകയാണ്.) അമ്മയാകട്ടെ, അത് പറഞ്ഞുകൊടുത്തതുമില്ല. അത്, "നങ്ങേലിക്കു മറന്നതുകൊണ്ടോ, കണ്ടാൽത്തന്റെ കിടാവിനെ വീണ്ടും കൊണ്ടോടിപ്പോം എന്നു ഭയന്നോ", എന്ന് കവി സംശയിക്കുന്നു. മറന്നതല്ല, മനഃപൂർവ്വം പറയാതിരുന്നതാണ് എന്നാണെന്റെ പക്ഷം. (പൂതം ചോദിച്ചില്ല, അതുകൊണ്ട് ഞാൻ പറഞ്ഞതുമില്ല, എന്ന മിടുക്ക്!) പൊന്നുണ്ണിക്ക് കുതുകം പകരാനും ഞങ്ങളുടെ വീട്ടിനു മംഗളമേകാനും, ഞങ്ങൾക്കഞ്ചിത സൗഖ്യമുദിക്കാനുമാണ് ആണ്ടുതോറും വന്നുമടങ്ങാൻ അമ്മ, പൂതത്തോടു പറയുന്നത്. ഇതിനോടൊപ്പം ചേർത്ത്, 'പാവം കണ്ണീർച്ചോലചൊരിഞ്ഞും' 'പൂതമോ, പാവം' 'ആടിപ്പിപ്പൂ പാവത്തെ' എന്ന പ്രയോഗങ്ങളും കൂടി വായിക്കുമ്പോൾ എന്റെ വിശ്വാസം ബലപ്പെടുകയാണു ചെയ്യുന്നത്. അങ്ങനെ, ശരിയായ വീടറിയാതെ, താനങ്ങേയറ്റം മോഹിച്ച ഉണ്ണിയെ ഒരിക്കൽപ്പോലും ഒരു വട്ടംകൂടി കാണാനാവാതെ, അശാന്തയായി, പൂതം യുഗങ്ങളായി കറങ്ങിത്തിരിയുന്നു; വീടുതോറും കയറിയിറങ്ങുന്നു.

സ്വതന്ത്രമായ, നിഷ്കളങ്കമായ പ്രകൃതമാണ് ഉണ്ണിയുടേത്. അമ്മയോടൊത്തും പൂതത്തിനോ ടൊത്തും അവൻ ഒരുപോലെ സന്തോഷിക്കുന്നു. നല്ലതുമാത്രം കാണുന്ന അവന് വിവേചനത്തിന്റെ ബാദ്ധ്യതകളില്ല. പൂതത്തിന്റെ കഥയിലെ ഒരു നിമിത്തം മാത്രമാണ് ഉണ്ണി. കുറച്ചുകൂടി ആലോചിച്ചാൽ, ഉണ്ണിയുടെ അമ്മയും ഒരു നിമിത്തം മാത്രമാണ് എന്നു തോന്നുന്നു. പരക്കെ അംഗീകരിക്കപ്പെടുന്ന മാതൃരൂപത്തിന് ഒരു പുതിയ മാനം നൽകാനൊന്നും കവി ശ്രമിച്ചിട്ടില്ല. ഉണ്ണിയുടെ അച്ഛനെപ്പറ്റി യാതൊരു പരാമർശവും കഥയിലില്ല എന്നതും ശ്രദ്ധിക്കണം. പൂതത്തിന്റെ വ്യഥയും ദുരന്തവും എടുത്തു കാട്ടുന്നതിൽ അച്ഛന് പ്രത്യേക ഒരു വേഷവും ആടാനില്ല. എന്നതുകൊണ്ടുതന്നെയാവണം ഇടശ്ശേരി അതിനു മെനക്കെടാതിരുന്നത്. അല്ലെങ്കിൽ, ഉണ്ണിയെ താലോലിക്കുന്ന അമ്മയെക്കുറിച്ച് കുറെ വരികൾ എഴുതിയ കവിക്ക് കുറച്ചു വരികൾ അച്ഛനെക്കുറിച്ചും എഴുതാമായിരുന്നു. കഷ്ടപ്പെട്ട്, അനുഭവങ്ങളിലൂടെ, വേദനയിലൂടെ അമ്മയായവളാണ് ഉണ്ണിയുടെ അമ്മ. ഒരു മായാജാലത്തിന്റെ ചെപ്പടി വിദ്യകൊണ്ട് ഉണ്ണിയുടെ മേൽ അവകാശം സ്ഥാപിക്കാനും ഉണ്ണിയെക്കൊള്ളാനും പൂതത്തിന് അർഹതയില്ല. (യാഥാർത്ഥ്യ ബോധത്തിന് എതിരെ മുഖം തിരിക്കാൻ ഇടശ്ശേരിക്കാവില്ലല്ലോ. അമ്മയുടെ ശക്തി അമ്മയ്ക്കേയുള്ളു; അതിന് 'പകരം' ഇല്ല.) വിധിയിലൂടെ നീചം സംഭവിച്ചുപോയ അമ്മയാണ് പൂതം. സത്യത്തിന്റേയും അനുഭവത്തിന്റേയും ശക്തി പൂതത്തിനില്ല. പൂതത്തിന്റെ പ്രകൃതവും ഭാഷയും വികാരത്തിന്റേതാണ്. വാസനയുടേതാണ്, വിചാരത്തിന്റേതല്ല. അർഹതയുടെ കാര്യത്തിൽ, വിവേചന ബുദ്ധിയിൽ, പൂതം അമ്മയ്ക്ക് കാതങ്ങൾ പിന്നിലാണ്. എങ്കിലും ഒന്നോർക്കണം, അർഹതയും അംഗീകാരവുമെല്ലാം മനുഷ്യനിർമ്മിതമായ അവസ്ഥകളാണ്. പ്രകൃതി വാസനയുടേതല്ല. പ്രകൃതിയിൽ എന്ത് അർഹത? എന്ത് അധികാരം? അതുകൊണ്ടും കൂടിയാവാം ഇടശ്ശേരി പൂതത്തിനോട് അല്പം പക്ഷപാതം കാട്ടിയതും. പ്രകൃതിയിൽ നിന്നുതന്നെ ഉരുത്തിരിഞ്ഞ മാതൃരൂപത്തിന് ബുദ്ധിശക്തിയും വിവേചനശേഷിയും കൂടിയായാൽ അതിലും വലിയ ശക്തിയേത്? ആ മാതൃത്വം ഒരു നിത്യതയാണ്.

'മകനേ നിന്നമ്മയമ്മിഞ്ഞപ്പാലിന്റെ
മധുരം തരാതെങ്ങു പോയി?
വരുമവൾ വീണ്ടും ഉഷസ്സായി, വെറ്റില
ത്തളിരിലൂടൂറിച്ചിരിക്കും.
നെറുകയിൽച്ചുംബിച്ചു പൂൽകിക്കിതപ്പിന്റെ
മണമായി നിന്നെപ്പൊതിയും'
എന്ന് 'മകനോട്' എന്ന കവിതയിൽ കടമ്മനിട്ട രാമകൃഷ്ണൻ.

ആ അമ്മയുടെ ചെറിയ ഒരു ഭാഗമായ ഉണ്ണിയാണ് പ്രകൃതിയിലേക്ക് നീങ്ങിപ്പോകുന്നത്. ഓലയും എഴുത്താണിയും എറിഞ്ഞുകളയുന്ന ഉണ്ണി, വിശാലവും സുന്ദരവുമായ, യാഥാർത്ഥ്യബോധത്തിന്റെ വിലക്കുകളില്ലാത്ത പ്രകൃതിയുടെ മടിത്തട്ടിലേക്കാണ് നീങ്ങുന്നത്. മൂർത്ത പ്രകൃതിയായ അമ്മ ഒരിക്കലും തന്റെ ഉണ്ണിയെ അമൂർത്ത പ്രകൃതിക്ക് വിട്ടുകൊടുക്കില്ല. അത്രയും സ്വാർത്ഥത ഏതൊരമ്മയ്ക്കും ഉണ്ട്. പ്രകൃതി, തന്നിലൂടെ പുനർജ്ജനിക്കുമ്പോൾ അമ്മയ്ക്ക് ഒരവകാശബോധമുണ്ടാവുമല്ലോ. തുടങ്ങുന്നത് ഗദ്യത്തിലാണെങ്കിലും കവിത അവസാനിക്കുന്നത്

പദ്യത്തിൽത്തന്നെ. (ആദ്യം പറഞ്ഞ പൂതത്തിന്റെ വരവിലെ വരികളിൽത്തന്നെ കവിത അവസാനിക്കുന്നു.) കുട്ടികളുടെ ഭാവനയെ തടസ്സപ്പെടുത്താതെ അവർക്കിഷ്ടമുള്ളത് ആലോചിക്കാൻ കവി, അവരെ പൂതത്തിന്റെ കാലത്തിൽത്തന്നെ ഇരുത്തിയിട്ട് പിൻവാങ്ങുന്നു. അപ്പോഴും പൂതത്തിന്റെ തേങ്ങലിനൊത്ത കുഴൽവിളിയും മിടിക്കും കരളിൻ താളക്കുത്തിനു തുടിയൊച്ചയും തന്നെയാണ് കവിയുടെ ചെവികളിൽ മുഴങ്ങുന്നത്. നൊന്തു പ്രസവിച്ച ഉണ്ണിയെ നഷ്ടപ്പെട്ടത് അവനെത്തേടിയലയുന്ന അമ്മയുടെ തേങ്ങലിനോടോ, പ്രസവിക്കാതെ തന്നെ മാറത്തു കോരിത്തരിച്ച് അമ്മയായ പൂതത്തിന്റെ കുഴൽവിളി പോലെയുള്ള തേങ്ങലിനോടോ കവിക്ക് പക്ഷപാതം?

എനിക്ക് തീർച്ചയായിട്ടില്ല. കവിതയിൽ, അമ്മക്കോ പൂതത്തിനോ ജയം? എനിക്കറിയില്ല. ഒന്നുകൂടി ആലോചിക്കുമ്പോൾ ഇവിടെ അത്തരം ജയപരാജയങ്ങൾ അപ്രസക്തമാണ്. ജയം ഇടശ്ശേരിക്കാണ്; മലയാളകവിതയ്ക്കാണ്; തീർച്ച.

ജൂലൈ 1989
സരോവരം മാസിക